**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം 62 — 12.12.12 ൽ മറുപടിക്ക്

വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ. വി.കെ. ബഷീർ<br>ശ്രീ. എൻ.എ നെല്ലിക്കുന്ന് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ ; | എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർ പ്ലാനുകളുടെ സഹായത്തോടെ ആസൂത്രിത വികസനം നടപ്പിൽ വരുത്തും. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സീപ്ലെയിൻ പദ്ധതി നടപ്പിലാക്കും. പ്രകൃതിയ്ക്ക് യാതൊരു കോട്ടവും വരുത്താതെ കേരളത്തിന്റെ സാംസ്കാരിക പൈതൃകം മുറുകെ പിടിച്ചുകൊണ്ടുള്ള പദ്ധതികളാവും ആവിഷ്കരിച്ച് നടപ്പിലാക്കുക |
| ബി) പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | ബി) KITTS ന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ, ലോക്കൽ ലെവൽ ഗൈഡുകൾക്ക് പരിശീലനം നൽകിവരുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർ ടൂറിസം വകുപ്പിൽ നിന്നും ലൈസൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളിൽ സ്വമേധയാ ഗൈഡുകൾ ആയി പ്രവർത്തിക്കുകയാണ്. കൊച്ചിൻ കോർപ്പറേഷന്റെ അപേക്ഷ പ്രകാരം തെരഞ്ഞെടുത്ത യുവതീയുവാക്കൾക്ക് ഗൈഡ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇവരുടെ സേവനം പൊതു സ്വകാര്യ മേഖലകളിലെ ടൂർ ഓപ്പറേറ്റർമാരും മറ്റു സേവനദാതാക്കളും ഉപയോഗിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ചരിത്രപ്രാധാന്യമുള്ള കേന്ദ്രങ്ങൾ, പൈതൃക ശേഷിപ്പുകൾ, നയനാനന്ദകരമായ പ്രകൃതി ഭംഗിയുള്ള സ്ഥലങ്ങൾ തുടങ്ങിയ ടൂറിസ്റ്റ് ആകർഷണ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഗൈഡുകളുടെ സേവനം ഉപയോഗപ്പെടുത്തി സ്വദേശ,വിദേശ ടൂറിസ്റ്റു കൾക്കുവേണ്ടി പ്രത്യേക പാക്കേജ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | സി) | ഇത്തരത്തിലുള്ള വിവിധ പാക്കേജുകൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ സ്വദേശീയരും വിദേശിയരും ആയ ടൂറിസ്റ്റുകൾക്കായി പ്രത്യേക ഗ്രാമീണ ടൂറിസം പാക്കേജുകൾക്ക് രൂപം നൽകുന്നുണ്ട്. ഇവ പരിചയപ്പെടുത്തുന്നതിന് യുവതീയുവാക്കൾക്ക് സൗജന്യ പരിശീലനവും നടത്തിവരുന്നു. കോവളം, കുമരകം, വയനാട് എന്നീ സ്ഥലങ്ങളിൽ ഈ പ്രത്യേക പാക്കേജുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യ യുടെ ഹുണാർ – സെ - റോസ്ഗാർ പദ്ധതിപ്രകാരം വനപ്രദേശങ്ങളെ കേന്ദ്രീകരിച്ച് നേച്ചർ ഗൈഡ് ട്രെയിനിംഗ് കോഴ്സ് നടത്തുന്നതിനുള്ള അപേക്ഷ കേന്ദ്രടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ